**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5365** — **21-07-2022 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. മാവേലിക്കര റീജിയണൽ വർക്ക് ഷോപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി. മാവേലിക്കര റീജിയണൽ വർക്ക് ഷോപ്പിന്റെ നവീകരണത്തിനായി സ്വീകരിക്കുവാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ? | (എ) | **മാവേലിക്കര റീജിയണൽ വർക്ക് ഷോപ്പിന്റെ Modernisation-ന് വേണ്ടി estimate തയ്യാറാക്കുവാൻ KSRTCയുടെ പ്രോജക്ട് മാനേജ്മെന്റ് കൺസൽട്ടന്റായ M/s. HLL Life care Ltd.നോട് 18/12/2020ന് ആവശ്യപ്പെടുകയുണ്ടായി. അതിൻ പ്രകാരം M/s. HLL Lifecare ltd. 10/03/2021 ന് എസ്റ്റിമേറ്റ് സമർപ്പിക്കുകയുണ്ടായി. എസ്റ്റിമേറ്റ് KSRTC പരിശോധിക്കുകയും 23/4/2021-ന് എസ്റ്റിമേറ്റിന് 12% GST യും 4% PMC ചാർജ്ജും അടക്കം 4,46,85,000/- രൂപയ്ക്ക് ഭരണാനുമതി നൽകുകയും ആയത് 18/08/2021-ൽ ചേർന്ന 408-മത് ഭരണ സമിതി യോഗം അജണ്ട ഇനം നമ്പർ 97/408/2021 പ്രകാരം സാധുകരിക്കുകയുമുണ്ടായി. തുടർന്ന് PMC ആയ M/s. HLL ഈ പ്രവൃത്തിയ്ക്ക് 20/7/2021ൽ 4,06,81,261/- രൂപയുടെ സാങ്കേതിക അനുമതി നൽകുകയും 20/7/2021ന് e-tender ക്ഷണിക്കുകയും ചെയ്തു. മതിയായ tenderകൾ ലഭിക്കാത്തതിനാൽ09/8/2021ന് അവസാന തീയതി വച്ചിരുന്ന tender 17/8/2021 ലേയ്ക്കും, തുടർന്ന് 26/8/2021ലേയ്ക്കും തുടർന്ന് 02/9/2021ലേയ്ക്കും അവസാനമായി 09/9/2021ലേയ്ക്കും മാറ്റിവയ്ക്കുകയുണ്ടായി. നാല് കരാറുകാർ tender-ൽ പങ്കെടുക്കുകയും ഏറ്റവും കുറഞ്ഞ tender അംഗീകരിക്കുവാനായി M/s. HLL 14/9/2021ന് KSRTCയ്ക്ക് സമർപ്പിക്കുകയും ഏറ്റവും കുറഞ്ഞ തുകയായ 3,31,01,902.65 രൂപ (excluding GST) രൂപ ക്വാട്ട് ചെയ്ത M/s. PAN PACIFIC Engineering Services Pvt ltd.എറണാകുളം എന്ന കരാറുകാരന്റെ tender KSRTC 27/10/2021ന് അംഗീകരിക്കുകയും ആയത് 11/11/2021-ൽ ചേർന്ന 409മത് ഭരണസമിതി യോഗം അജണ്ട ഇനം 128/409/2021 പ്രകാരം സാധൂകരിക്കുകയും ഉണ്ടായി. തുടർന്ന് M/s.HLL 3/11/2021-ന് തിരഞ്ഞെടുത്ത** |

| | | | |
|---|---|---|---|
| | | | കരാറുകാരന് work order നൽകുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തു. നിലവിൽ വർക്ക് ഷോപ്പിന്റെ തറ Concrete, Electrification എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. മേൽക്കൂരയുടെ repair ഉം, paintingsഉം, ബൂത്തിന്റെ നിർമ്മാണവും paintingsഉം ബാക്കി ചെയ്യാൻ ഉണ്ട്. നിലവിൽ 70% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. സെപ്റ്റംബർ മാസത്തോടെ പ്രവൃത്തി പൂർത്തീകരിക്കും എന്ന് M/s. HLL അറിയിച്ചിട്ടുണ്ട്. ഈ പ്രവൃത്തിയ്ക്കായി കരാറുകാരൻ സമർപ്പിച്ച ബിൽ 52,82,986/- രൂപയ്ക്ക് M/s. HLL ശുപാർശ ചെയ്ത് ലഭിച്ചിട്ടുണ്ട്. M/s. HLL ന് PMC ചാർജ്ജ് ഇനത്തിൽ 9,03,500/- രൂപ നല്കിയിട്ടുണ്ട്.<br><br>കൂടാതെ, ആധുനിക വർക്ക് ഷോപ്പ് ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ